ഏറ്റവും ഗുരുതരമായ, സങ്കീർണ്ണമായ പ്രശ്നങ്ങളാണ് ഈ രണ്ട് മേഖലകളിലും ഉള്ളത്. ഇതിൽ ആദ്യത്തേത് പരിഹരിക്കുന്നതിനുവേണ്ടി രണ്ട് കോടി രൂപയുടെ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ട്. രണ്ടാമത്തെ കാര്യം പാവറട്ടിയിലെ പൈപ്പ് മാറ്റുന്നതിനുവേണ്ടി 3.5 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ഈ രണ്ട് പദ്ധതികളും ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ലഭ്യത സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചുവരികയാണ്.

7. തേനാമ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. ടി. പി. കുഞ്ഞുണ്ണി: സർ, എന്റെ മണ്ഡലത്തിൽ 20 വർഷങ്ങൾക്കുമുമ്പ് ഒന്നാംഘട്ടം കമ്മീഷൻ ചെയ്ത ഒരു പ്രധാനപ്പെട്ട ചെറുകിട ജലസേചന പദ്ധതിയാണ് തേനാമ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. ഇതിന്റെ രണ്ടാം ഘട്ടത്തിനുവേണ്ടി കാത്തിരിപ്പ് തുടങ്ങിയിട്ട് കുറേ വർഷങ്ങളായി. ഞാനും തൃത്താലയെ പ്രതിനിധീകരിച്ച മുൻ എം.എൽ.എ. മാരും സഭയിൽ നിരന്തരമായി ഈ ആവശ്യം ഉന്നയിച്ചുപോന്നിട്ടുള്ളതാണ്. ഏതായാലും കഴിഞ്ഞവർഷവും ഈ വർഷവും സംസ്ഥാന ബഡ്ജറ്റിൽ രണ്ടേകാൽ കോടി രൂപ ഈ പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുണ്ട്. പക്ഷേ, അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ വേണ്ടത്ര പുരോഗതി കാണുന്നില്ല. അത് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, തൃത്താല ഗ്രാമപഞ്ചായത്തിലെ തേനാമ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 2000-ൽ ഭാഗികമായി കമ്മീഷൻ ചെയ്തതാണ്. അവശേഷിക്കുന്ന പ്രവൃത്തികൾക്ക് 2010-ലെ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഭരണാനുമതി നൽകുന്നകാര്യം ഗവൺമെന്റ് സജീവമായി പരിശോധിക്കുന്നതാണ്.

8. ഇരുമ്പ് ബോട്ടിനു പകരം തടി നിർമ്മിത ബോട്ട് അനുവദിക്കാൻ നടപടി

ശ്രീ. വി. എൻ. വാസവൻ: സർ, കോട്ടയം-ആലപ്പുഴ ജലഗതാഗത റൂട്ടിൽ സർവ്വീസ് നടത്തുന്ന തടിനിർമ്മിതമായ ഒരു ബോട്ട് മാറ്റി ഇരുമ്പു നിർമ്മിതമായ ബോട്ട് അവിടെ ഇടുകയുണ്ടായി. 100 കണക്കിന് വിദ്യാർത്ഥികളും തൊഴിലാളികളും ജലഗതാഗതത്തെ ആശ്രയിച്ചാണ് രാവിലെ സ്കൂളുകളിലും അതുപോലെ ഫാക്ടറികളിലും എത്തുന്നത്. രണ്ട് മണിക്കൂർ സമയമെടുത്ത് ഓടിയിരുന്ന ബോട്ട് ഇരുമ്പ് ബോട്ട് വന്നതിനുശേഷം നാല് മണിക്കൂർ എടുക്കുകയാണ്. അതുപോലെതന്നെ ഉയർത്തുന്ന പാലങ്ങൾ ഉണ്ടായിരുന്നത് മുന്നെണ്ണം ഇടിച്ചു തകർത്തുകളഞ്ഞു. അതുകൊണ്ട് ഈ ഇരുമ്പ് ബോട്ട് മാറ്റി നേരത്തെ ഓടിക്കൊണ്ടിരുന്ന ജലഗതാഗത വകുപ്പിന്റേതായിട്ടുള്ള തടിബോട്ട് ഉടൻതന്നെ അവിടെ പുനഃസ്ഥാപിക്കണം. നാട്ടുകാർ വലിയ പ്രക്ഷോഭത്തിലാണ്. അടിയന്തരമായി അതിന് നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

LIBRARY ARCHIVES Kerala Legislative Assembly